**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2514

20.06.12ൽ മറുപടിയ്ക്ക്

**വിനോദ സഞ്ചാരകേന്ദ്ര വികസനം**

| ചോദ്യം<br>ശ്രീ. സി.കെ.നാണു | ഉത്തരം<br>ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
|---|---|
| (എ) സ്വദേശികളും വിദേശികളുമായ വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന കോഴിക്കോട് ജില്ലയിലെ പ്രധാനപ്പെട്ട വിനോദ സഞ്ചാര കേന്ദ്രങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) തുഷാരഗിരി വെള്ളച്ചാട്ടം, ഇരിങ്ങൽ കരകൗശല ഗ്രാമം, സരോവരം ബയോപാർക്ക്, ബേപ്പൂർ ബീച്ച്, കാപ്പാട് ബീച്ച്, പെരുവണ്ണാമൂഴി - കക്കയം ഡാം, കോഴിക്കോട് ബീച്ച്, സാന്റ് ബാങ്ക് ബീച്ച് തുടങ്ങിയവ കോഴിക്കോട് ജില്ലയിലെ പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളാണ്. |
| (ബി) വടകരയിലെ സാൻബാങ്ക്സ്, പഴകുറ്റിമല, തച്ചോളിഒതേനന്റെ ക്ഷേത്രം സ്ഥിതി ചെയ്യുന്ന തച്ചോളി മാണിക്കോത്ത്, ഏറാമലയിലെ നടുത്തുരുത്ത് എന്നീ സ്ഥലങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് വിനോദസഞ്ചാരികളെ ആകർഷിക്കുന്ന വിധത്തിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (ബി) വടകരയിലെ സാന്റ് ബാങ്കുമായി ബന്ധപ്പെട്ട ടൂറിസം പദ്ധതി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പാക്കി വരുന്നു. പഴകുറ്റി മല, ഏറാമലയിലെ നടുത്തുരുത്ത് എന്നിവയുടെ ടൂറിസം വികസനവുമായി ബന്ധപ്പെട്ട പദ്ധതി നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

4